**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3898** **28-06-2024 - ൽ മറുപടിയ്ക്ക്**

**കേരളാ പബ്ലിക് സർവീസ് കമ്മീഷൻ നിയമന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഒരു തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്ന നിയമന പ്രക്രിയയുടെ ഘട്ടങ്ങൾ വിശദമാക്കാമോ; | (എ) | വിവിധ വകുപ്പുകളിൽ നിന്നും വിവിധ തസ്തികകളുടെ ഒഴിവുകൾ നിയമനാധികാരികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിച്ചു കൊണ്ട് പി എസ് സി വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു . അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള കൺഫർമേഷൻ നൽകുന്നതിനുള്ള അവസരം നൽകിയതിനു ശേഷം ഓൺലൈൻ /ഒ.എം. ആർ/ വിവരണാത്മക എഴുത്തു പരീക്ഷകൾ നടത്തുന്നു. പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ചുരുക്ക പട്ടിക / സാധ്യത പട്ടിക അനുസരിച്ച് ഒറ്റത്തവണ പരിശോധനയോടൊപ്പം പ്രാക്ടിക്കൽ ടെസ്റ്റ് / ഫിസിക്കൽ ടെസ്റ്റ് / ഇന്റർവ്യൂ തുടങ്ങിയവ നടത്തുന്നു . ആയതിനു ശേഷം മാർക്ക് അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ വരുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കും റാങ്കിന്റേയും സംവരണ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുകയും ചെയ്യുന്നു . |
| (ബി) | 2023-24 വർഷത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എത്ര തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2023 ജനുവരി മുതൽ 2024 ജൂൺ 15 വരെ 930 വിജ്ഞാപനങ്ങൾ പി എസ് സി പ്രസിദ്ധീകരിച്ചിട്ടുണ്ട് . |
| (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും തസ്തികയിലേക്ക് കമ്മീഷൻ പുറത്തിറക്കുന്ന വിജ്ഞാപനത്തിന് ഒരു അപേക്ഷ | (സി) | ഒരു അപേക്ഷ മാത്രം ലഭിച്ചാൽ പ്രസ്തുത അപേക്ഷ വിജ്ഞാപന വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ബഹു.കമ്മീഷന്റെ |

| | | | |
|---|---|---|---|
| | മാത്രം ലഭിക്കുന്ന പക്ഷം അത്തരം ഉദ്യോഗാർത്ഥിക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ നിയമന ശിപാർശ നൽകാൻ വ്യവസ്ഥയുണ്ടോ; | | ഉത്തരവിനനുസൃതമായി നടപടി സ്വീകരിക്കുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത് . |
| (ഡി) | നേരിട്ട് നിയമന പ്രക്രിയ നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെ വിജ്ഞാപന പ്രകാരം ഏതെങ്കിലുമൊരു തസ്തികയിലേക്ക് ഒരു ഉദ്യോഗാർത്ഥി മാത്രം അപേക്ഷ നൽകിയാൽ റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാതെ നിയമനം നൽകാൻ അനുവാദമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധ വകുപ്പുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിയമനപ്രക്രിയകൾക്ക് പൊതുവായ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല. അതത് സ്ഥാപനങ്ങളുടെ നിയമനരീതിയുടെ അടിസ്ഥാനത്തിലാണ് അത്തരത്തിൽ നിയമന പ്രക്രിയ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ